**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5382** **06.07.2012-ൽ** മറുപടിക്ക്

## തൈറോയിഡ് രോഗം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ<br>ശ്രീ. ആർ. രാജേഷ്<br>ശ്രീ. സാജു പോൾ<br>ശ്രീമതി കെ.എസ്. സലീഖ | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് തൈറോയിഡ് രോഗം ക്രമാതീതമായി കാണപ്പെടുന്നത് നിരീക്ഷിച്ചിട്ടുണ്ടോ ; | എ) ഉണ്ട്. |
| ബി) വിവിധ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിലെ ഉന്നതരായ ഡോക്ടർമാർ ഇതു സംബന്ധിച്ച് പത്രങ്ങളിലൂടെ നടത്തിയ വെളിപ്പെടുത്തലുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ബി) ഉണ്ട്. |
| സി) ഹോർമോണിന്റെ ഉൽപ്പാദനത്തെ ബാധിക്കുന്ന ഈ രോഗം മറ്റുപലതരത്തിലുള്ള ശാരീരിക-മാനസിക വൈഷമ്യങ്ങൾക്കും കാരണമാകുന്നത് ഗൗരവമായി കാണുന്നുണ്ടോ ; | സി) ഉണ്ട്. |
| ഡി) സംസ്ഥാനത്ത് അയഡൈസ്ഡ് ഉപ്പിന്റെ ഉപയോഗം തുടങ്ങിയതിന് ശേഷമാണ് തൈറോയിഡ് രോഗം വ്യാപകമായതെന്ന വിവിധ ശാസ്ത്ര സംഘടനകളുടെ അഭിപ്രായം പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ? | ഡി) അയഡിൻ ചേർത്ത ഉപ്പിന്റെ ഉപയോഗം തൈറോയിഡ് രോഗങ്ങൾക്ക് കാരണമാകുന്നു എന്ന അഭിപ്രായത്തിന് ശാസ്ത്രീയമായ അടിസ്ഥാനമില്ല. അയഡിന്റെ കുറവുമൂലം ഉണ്ടാകുന്ന പ്രശ്നങ്ങളെക്കുറിച്ച് ശാസ്ത്രീയമായി പഠിക്കുകയും വർഷങ്ങളായി ഗവേഷണം നടത്തുകയും ചെയ്തതിന്റെ ഫലമായാണ് അയഡിൻ ചേർത്ത ഉപ്പ് നാം ഉപയോഗിക്കുന്നത്. |

സെക്ഷൻ ഓഫീസർ